**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ .6445

21/11/2019 -ൽ മറുപടിയ്ക്ക്

**വിൽപ്പനവില കുറച്ചുകാണിച്ച് രജിസ്ട്രേഷൻ നടത്തുന്ന പ്രവണത**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| **ശ്രീ.പി.ടി. തോമസ്**<br>**,, വി.ടി.ബൽറാം** | **ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) വൻകിട ഫ്ലാറ്റുകളും ബഹുനില മന്ദിരങ്ങളും വിൽക്കുമ്പോൾ വില കുറച്ചുകാണിച്ച് രജിസ്ട്രേഷൻ നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിലുള്ള എത്ര കേസ്സുകൾ കണ്ടെത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; ഇതിൽ കുറ്റക്കാർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിലുള്ള 570 കേസ്സുകൾ കണ്ടെത്തിയിട്ടുണ്ട് . പ്രസ്തുത കേസ്സുകളിൽ കേരള മുദ്രപ്പത്രനിയമം വകുപ്പ് 45(ബി) പ്രകാരം അണ്ടർവാല്യൂവേഷൻ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി ) പ്രസ്തുത രീതിയിൽ രജിസ്ട്രേഷൻ നടത്തിയിട്ടുള്ളത് കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും ഇത്തരം പ്രവണതകൾ തടയുന്നതിനും വേണ്ടി സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (സി ) ഫ്ലാറ്റുകളും അപ്പാർട്ട്മെന്റുകളും വില കുറച്ചു കാണിച്ച് രജിസ്ട്രേഷൻ നടത്തിയതായി കണ്ടെത്തിയ കേസുകളിൽ കേരള മുദ്രപ്പത്ര നിയമം വകുപ്പ് 45(ബി) പ്രകാരം അണ്ടർ വാല്യൂവേഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. 2016- ലെ ഫിനാൻസ് ആക്ട് പ്രകാരം ഫ്ലാറ്റോ, അപ്പാർട്ട്മെന്റോ ഉൾപ്പെടുന്ന ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള പ്രമാണം രജിസ്റ്റർ ചെയ്യുന്നതിനായി 1959- ലെ കേരള മുദ്രപ്പത്ര ആക്ടിന്റെ 28(ബി) ചട്ടത്തിൻ കീഴിൽ ക്ഷമതയുള്ള അധികാരസ്ഥൻ പുറപ്പെടുവിച്ച വാല്യൂവേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കുകയും, വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ഇല്ലാത്ത ഫ്ലാറ്റുകളുടെയും അപ്പാർട്ട്മെന്റുകളുടെയും ആധാരങ്ങൾ രജിസ്ട്രേഷന് സ്വീകരിക്കുവാൻ പാടില്ല എന്ന് 1958-ലെ കേരള രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം 30 (ബി)യിൽ ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**